# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 5526 6.7.2012-ൽ മറുപടിയ്ക്ക്

**കണ്ണിമംഗലം - പാണ്ടുപാറ കുടിവെള്ള പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ജോസ് തെറ്റയിൽ | | ശ്രീ. പി.ജെ ജോസഫ് (ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | മുൻസർക്കാരിന്റെ കാലത്ത് ജില്ലാ പഞ്ചായത്ത് 30 ലക്ഷം രൂപയും സംസ്ഥാന സർക്കാർ 54 ലക്ഷം രൂപയും അനുവദിച്ചിട്ടുള്ളതും മലയോര പഞ്ചായത്തുകളായ മലയാറ്റൂർ, അയ്യമ്പുഴ തുടങ്ങിയ പ്രദേശങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി ആവിഷ്കരിച്ചതുമായ കണ്ണിമംഗലം - പാണ്ടുപാറ കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിലെ കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ; | (എ) | മലയാറ്റൂർ നീലേശ്വരം പഞ്ചായത്തിലെ കണ്ണിമംഗലം പ്രദേശത്തിനായി ഡിസ്ട്രിബ്യൂഷൻ പൈപ്പ് ലൈനും പ്രഷർ ഫിൽട്ടറും സ്ഥാപിക്കുന്നതിന് 54.65 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. ഈ സ്കീമിനുള്ള സാങ്കേതികാനുമതി ലഭിക്കുന്നതിനായി 65.58 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ജില്ലാ പഞ്ചായത്തിൽ നിന്നും 30 ലക്ഷം രൂപ അനുവദിച്ച് കിട്ടിയെങ്കിലും ടാങ്ക് സ്ഥാപിക്കാനുള്ള സ്ഥലം ലഭിക്കാതെയിരുന്നതിനാൽ തുടർ നടപടികൾ സ്വീകരിക്കുന്നതിൽ താമസം നേരിട്ടു. എന്നാൽ ടാങ്ക് ഒഴിവാക്കിക്കൊണ്ട് നേരിട്ടുള്ള പമ്പിംഗ് വഴി ജലവിതരണം നടത്തുന്ന വിധത്തിൽ പദ്ധതി ആവിഷ്കരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി-വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതി എന്ന് ആരംഭിക്കാൻ കഴിയുമെന്ന്വ്യക്തമാക്കാമോ ? | (ബി) | 54.65 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ച പണികൾ അറേഞ്ച് ചെയ്തശേഷം ജില്ലാ പഞ്ചായത്തിൽ നിന്നും 30 ലക്ഷം രൂപയ്ക്ക് അനുമതി ലഭിച്ച പണികൾ അറേഞ്ച് ചെയ്യുന്നതാണ്. പദ്ധതി അടിയന്തിരമായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ